**ആരോഗ്യ വകുപ്പ് ഡയറക്ടറുടെ നടപടിക്രമം**
**തിരുവനന്തപുരം,**

---

വിഷയം:- ആ.വ.ഡ- ജീവനക്കാര്യം - ഡിസ്ട്രിക്ട് വെക്ടർ ബോൺ ഡിസീസ് കൺട്രോൾഓഫീസർ തസ്തികയിലെ മരവിപ്പിച്ച സ്ഥാനക്കയറ്റ ഉത്തരവ് റദ്ദ് ചെയ്ത് കൊണ്ടും പുതിയ സ്ഥാനക്കയറ്റം അനുവദിച്ചും ഉത്തരവാകുന്നു.

പരാമർശം:-

1. G.O(Ms)No.435/1994/H&FWD dated. 14/12/1994
2. ഇ.ജി1 -14805/2023/ആ.വ.ഡ തീയതി. 27/07/2024, 05/08/2024,14/08/2024,09/04/2025. ഉത്തരവുകൾ
3. 26/07/2024 തീയതിയിലെ എ2-120/2024/ ഹെൽത്ത് എന്ന സർക്കാർ കത്ത്
4. ഗസറ്റഡ് നോട്ടിഫിക്കേഷൻ നം.ഇസ്2 -12877/25/ആ.വ.ഡ തീയതി.25/05/2025.

**ഉത്തരവ് നം.ഇജി 1-14805/2023/ആവഡ തീയതി. : 29-05-2025**

---

ആരോഗ്യവകുപ്പിലെ ഡിസ്ട്രിക്ട് വെക്ടർ ബോൺ ഡിസീസ് കൺട്രോൾ ഓഫീസർ തസ്തികയിൽ പരാമർശം (2) 27/07/2024 തീയതി പ്രകാരം സ്ഥാനക്കയറ്റം അനുവദിച്ച് ഉത്തരവായിരുന്നു. ആയതിൻമേൽ ശ്രീ.ഹരിദാസ്.ബി സമർപ്പിച്ച അപ്പീൽ പരിശോധിച്ച് "വകുപ്പ് തല ഉദ്യോഗാർത്ഥികളിൽ നിന്നും അപേക്ഷ ക്ഷണിച്ച് നിയമനം നടത്തുന്ന തസ്തികകളിലേക്ക് നിയമനത്തിന് മുൻപ് അർഹതയും താൽപര്യമുള്ള എല്ലാ ജീവനക്കാർക്കും ന്യായമായ അവസരം ഉറപ്പാക്കേണ്ടതുണ്ട്"എന്ന സർക്കാരിൽ നിന്ന് പരാമർശം 3 പ്രകാരം നിർദ്ദേശം ലഭിച്ചതിനെ തുടർന്ന് പരാമർശം (2), 05/08/2024 തീയതിയിലെ ഉത്തരവ് പ്രകാരം മേൽപരാമർശിച്ച സ്ഥാനക്കയറ്റ ഉത്തരവ് മരവിപ്പിച്ച് ഉത്തരവായിരുന്നു. തുടർന്ന് പ്രസ്തുത കാലയളവിൽ ലഭ്യമായ അപേക്ഷകൾ ഉൾപ്പെടുത്തി പരാമർശം (2)

**14/08/2024** തീയതി പ്രകാരം യോഗ്യത ലിസ്റ്റിന്റെ കരട് പ്രസിദ്ധീകരിച്ചിരുന്നു. തുടർന്ന് ടിവിഷയവുമായി ബന്ധപ്പെട്ട സീനിയോറിറ്റി തർക്കങ്ങളും ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിൽ ഫയൽ ചെയ്ത കേസുകളും പരിശോധിക്കുകയും പ്രസ്തുത കേസുകളിൽ നിലവിൽ സ്റ്റേ ഇല്ലാത്തതിനാൽ പരാമർശം (2) **09/04/2025**തീയതി പ്രകാരം ഡി.വി.ബി. ഡി.സി.ഒ തസ്തികയിൽ അന്തിമ യോഗ്യത ലിസ്റ്റ് പ്രസിദ്ധീകരിക്കുകയും ചെയ്തു.

നിലവിൽ പരാമർശം 4പ്രകാരം പരിഷ്കരിച്ച സെലക്ട് ലിസ്റ്റ് ലഭ്യമായതിന്റെ അടിസ്ഥാനത്തിൽ പരാമർശം (2) **27/07/2024**പ്രകാരം പുറപ്പെടുവിച്ച സ്ഥാനക്കയറ്റ ഉത്തരവ് റദ്ദ് ചെയ്തുകൊണ്ടും പരാമർശം 4 പ്രകാരം ഡിസ്ട്രിക്ട് വെക്ടർ ബോൺ ഡിസീസ് കൺട്രോൾ ഓഫീസർ തസ്തികയിലേക്ക് പുതുതായി ചുവടെ ചേർക്കും വിധം സ്ഥാനക്കയറ്റം അനുവദിച്ചും ഉത്തരവാകുന്നു.

| റാങ്ക് നം | പേരും തസ്തികയും | നിലവിലെ സ്ഥാപനം | വിരമിക്കൽ തീയതി | സ്ഥാനക്കയറ്റം അനുവദിച്ച സ്ഥാപനം |
|---|---|---|---|---|
| **2** | ശ്രീ.മനോജ്.കെ.ആർ<br>ഹെൽത്ത് സൂപ്പർവൈസർ | സാമൂഹികാരോഗ്യകേന്ദ്രം കലക്കോട്, കൊല്ലം | **31/05/2025** | ജില്ലാ മെഡിക്കൽ ഓഫീസ് (ആരോഗ്യം) പത്തനംതിട്ട |
| **3** | ശ്രീ.ജിജി.പി.തോമസ്<br>ഹെൽത്ത് സൂപ്പർവൈസർ | ആർ.എച്ച്.റ്റി.സി ചെട്ടിക്കാട്<br>ആലപ്പുഴ | **30/04/2026** | ജില്ലാ മെഡിക്കൽ ഓഫീസ് (ആരോഗ്യം)<br>കോട്ടയം |
| **3A** | ശ്രീ.ഹരിദാസ്.ബി<br>ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ്-**II** | താലൂക്ക് ഹെഡ്ക്വാർട്ടേഴ്സ് ആശുപത്രി, മലയിൻകീഴ് | **31.8.2026** | ജില്ലാ മെഡിക്കൽ ഓഫീസ് (ആരോഗ്യം)<br>എറണാകുളം |
| **4** | ശ്രീ.കെ.പ്രദീപ്<br>ഹെൽത്ത് ഇൻസ്പെക്ടർഗ്രേഡ്-**II** | താലൂക്ക് ആശുപത്രി<br>വിതുര,തിരുവനന്തപുരം | **30.6.2028** | ജില്ലാ മെഡിക്കൽ ഓഫീസ് (ആരോഗ്യം) |

| | | | | |
|---|---|---|---|---|
| | | | | മലപ്പുറം |
| **6.** | ശ്രീ.സന്തോഷ് കുമാർ ആർ<br><br>ഹെൽത്ത് സൂപ്പർവൈസർ | ജനറൽ ആശുപത്രി<br><br>തിരുവനന്തപുരം | **31.5.2027** | ജില്ലാ മെഡിക്കൽ ഓഫീസ് (ആരോഗ്യം) ആലപ്പുഴ |
| **7.** | ശ്രീ.രാജേഷ് വി എസ്<br><br>ഹെൽത്ത് സൂപ്പർവൈസർ | സാമൂഹികാരോഗ്യ കേന്ദ്രം ചിത്തിരപുരം , ഇടുക്കി | **31.5.2026** | ജില്ലാ മെഡിക്കൽ ഓഫീസ് (ആരോഗ്യം)<br><br>ഇടുക്കി |

മേൽ സൂചിപ്പിച്ച സ്ഥാപനങ്ങളിലേക്ക് നിലവിൽ ഡിവിബിഡിസിഒ തസ്തികയിൽ സേവനമനുഷ്ഠിക്കുന്ന ജീവനക്കാരുടെ സ്ഥലംമാറ്റ അപേക്ഷ നിലവിലുണ്ട്. പൊതു സ്ഥലംമാറ്റ നടപടികൾ പൂർത്തീകരിച്ച ശേഷം ടി അപേക്ഷകൾ പരിഗണിക്കുമ്പോൾ മേൽ പ്രകാരം അനുവദിച്ച സ്ഥാപനങ്ങളിൽ മാറ്റം വരുന്നതാണ്.

മേൽ ഉത്തരവ് **SLP(C)No. 12363/2018** എന്ന ബഹു. സുപ്രീം കോടതി കേസിന്റെ അന്തിമവിധി ഒ.എ നം. **1322/2024,1359/2024** എന്നീ കേസുകളിലെ കേസിലെ ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിന്റെ അന്തിമവിധി എന്നിവയ്ക്ക് വിധേയമായിരിക്കും .

മേൽ പരാമർശിച്ച ജീവനക്കാർ സേവനമനുഷ്ഠിക്കുന്ന സ്ഥാപനത്തിൽ മാറ്റമുണ്ടെങ്കിലും പകരം ഉദ്യോഗസ്ഥർ ജോലിക്ക് ഹാജരാകുന്നത് കാത്തു നിൽക്കാതെ സ്ഥാപനമേധാവികൾ അടിയന്തരമായി വിടുതൽ ചെയ്യേണ്ടതാണ് . മേൽ ഉദ്യോഗസ്ഥർ പ്രസ്തുത തസ്തികയിൽ സേവനത്തിൽ പ്രവേശിച്ച തീയതി മുതൽ തുടർച്ചയായ ഒരു വർഷ കാലയളവിനുള്ളിൽ ആറുമാസ കാലയളവിൽ പ്രൊബേഷൻ പൂർത്തിയാക്കേണ്ടതാണ് . ടി ജീവനക്കാർ യഥാസമയം ആർ.ടി.സി സമർപ്പിക്കേണ്ടതാണ് .

ആരോഗ്യവകുപ്പ് ഡയറക്ടറുടെ ഔദ്യോഗിക വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ചിട്ടുള്ള ടി ഉത്തരവിന്റെ പകർപ്പ് വിടുതൽ ചെയ്യുന്നതിനും സേവനത്തിൽ പ്രവേശിക്കുന്നതിനുമുള്ള ഔദ്യോഗിക രേഖയായി ഉപയോഗിക്കാവുന്നതാണ് .

Signed by
Reena K J
Date: 29-05-2025 16:50:28

**ആരോഗ്യവകുപ്പ് ഡയറക്ടർ**

സ്വീകർത്താവ്
ബന്ധപ്പെട്ട ഉദ്യോഗസ്ഥർ

പകർപ്പ്

1. അക്കൗണ്ടന്റ് ജനറൽ ഓഫീസ് (എ&ഇ) തിരുവനന്തപുരം.
2. ബന്ധപ്പെട്ട ജില്ലാ മെഡിക്കൽ ഓഫീസർമാർ / സ്ഥാപനമേധാവികൾ
3. ഫയൽ / കരുതൽ ഫയൽ